# റദ്ദാക്കിയ വൗച്ചറുകൾ വ്യാപാരം മറച്ചുവച്ചതിന്റെ തെളിവ്: 170% പിഴയടയ്ക്കണം

## കേരള ഹൈക്കോടതി

O.T. Rev. No. 34/2014 Dt. 5.6.2018

സ്റ്റേറ്റ് ഓഫ് കേരള x ആലുക്കാസ് ജ്വല്ലറി

തൃശൂരിൽ ഹെഡ് ഓഫീസും എടപ്പാളിലും പത്തനംതിട്ടയിലും ശാഖകളുമുള്ള നികുതിദായകന്റെ സ്ഥാപനത്തിൽ നികുതി വകുപ്പിലെ ഇന്റലിജൻസ് ഓഫീസർ പരിശോധന നടത്തിയപ്പോൾ നിരവധി ക്രമക്കേടുകൾ കണ്ടെത്തി. സ്വർണ്ണം കൈമാറ്റം ചെയ്തതിനു നല്കിയതും പിന്നീട് റദ്ദാക്കിയതുമായ വൗച്ചറുകൾ ഇന്റലിജൻസ് ഓഫീസർ പിടിച്ചെടുത്തു. നികുതിദായകൻ സ്വമേധയാ സമർപ്പിച്ച കണക്കുകൾ ശരിയാണോ എന്ന് അന്വേഷിക്കുന്നതിനു വേണ്ടി നടത്തിയ തെരച്ചിലിലാണ് പ്രസ്തുത വൗച്ചറുകൾ കണ്ടെത്തിയത്. വ്യാപാര കണക്കുകൾ മറച്ചുവച്ച് നികുതി വെട്ടിപ്പ് നടത്തിയതിന്റെ തെളിവാണ് റദ്ദാക്കിയ വൗച്ചറുകൾ എന്ന് വിലയിരുത്തിയ ഇന്റലിജൻസ് ഓഫീസർ 170% പിഴ ചുമത്തി ഉത്തരവിട്ടു. ഇതിനെതിരെ നികുതിദായകൻ ഒന്നാം അപ്പീലധികാരിക്ക് അപ്പീൽ സമർപ്പിച്ചെങ്കിലും ഇന്റലിജൻസ് ഓഫീസറുടെ തീരുമാനത്തിൽ തെറ്റില്ലെന്നു കണ്ട ഒന്നാം അപ്പീലധികാരി നികുതിദായകന്റെ അപ്പീൽ തള്ളിക്കളഞ്ഞു. ഇതിനെതിരെ നികുതിദായകൻ അപ്പലേറ്റ് ട്രൈബ്യൂണലിൽ രണ്ടാം അപ്പീൽ സമർപ്പിച്ചു. കീഴുദ്യോഗസ്ഥരുടെ കണ്ടെത്തൽ അപ്പലേറ്റ് ട്രൈബ്യൂണൽ ശരിവച്ചെങ്കിലും സ്വർണ്ണം സ്വീകരിക്കുകയും ആഭരണങ്ങളായി തിരിച്ചു നല്കുകയും ചെയ്ത തട്ടാനെ വിസ്തരിക്കുകയോ സ്റ്റോക്ക് രജിസ്റ്റർ ഒത്തുനോക്കുകയോ ചെയ്യാതെ നികുതിദായകന് പിഴ വിധിച്ചത് തെറ്റാണെന്ന് വിലയിരുത്തിയ ട്രൈബ്യൂണൽ പിഴ റദ്ദാക്കി. ഇതിനെതിരെ സർക്കാർ ഹൈക്കോടതിയിൽ പുനരവലോകന ഹർജി സമർപ്പിച്ചു. റദ്ദാക്കിയ വൗച്ചറുകൾ വ്യാപാരം മറച്ചുവച്ചതിന്റെ തെളിവാണെന്നു വിലയിരുത്തിയ ഹൈക്കോടതി അപ്പലേറ്റ് ട്രൈബ്യൂണലിന്റെ വിധി റദ്ദാക്കുകയും നികുതിദായകൻ 170% പിഴ അടയ്ക്കണമെന്ന് വിധിക്കുകയും ചെയ്തു.